അനുബന്ധം I

2022 സെപ്റ്റംബർ 29 ന് രാവിലെ 11 മണിക്ക് കാലടി സംസ്കൃത സർവ്വകലാശാല സിണ്ടിക്കേറ്റ് ഹാളിൽ വച്ച് കൂടിയ **Academic Restructuring Committee** യോഗത്തിന്റെ നടപടിചുരുക്കം.

ഹാജരായവർ

1 . ഡോ: എം. വി. നാരായണൻ വൈസ് ചാൻസലർ -ഒപ്പ്

2 . ഡോ: മുത്തുലക്ഷ്മി .പ്രൊ.വൈസ്ചാൻസ്ലർ / ചെയർപേഴ്സൺ -ഒപ്പ്

3 . ഡോ . ബിച്ചു എക്സ്മലയിൽ , അക്കാദമിക് & റിസർച്ച് കമ്മിറ്റി കൺവീനർ -ഒപ്പ്

4. ശ്രീ .പ്രേം കമാർ, എം.എൽ.എ, സിൻഡിക്കേറ്റ് മെമ്പർ -ഒപ്പ്

5 . ഡോ . സാജു ടി എസ്, വകുപ്പ് മേധാവി , ജ്യോഗ്രഫി വിഭാഗം -ഒപ്പ്

6 . ഡോ . യമുന കെ , വകുപ്പ് മേധാവി , വ്യാകരണ വിഭാഗം -ഒപ്പ്

7 . ഡോ .മിനി ടി , ഐ.ക്യൂ.എ.സി ഡയറക്ടർ -ഒപ്പ്

8 . ഡോ . കെ .എം .ഷീബ, വകുപ്പ് മേധാവി , ചരിത്ര വിഭാഗം -ഒപ്പ്

9 . ഡോ . സുനിൽ പി ഇളയിടം , പ്രൊഫസർ, മലയാളം വിഭാഗം -ഒപ്പ്

10 . ഡോ . കെ .ശ്രീലത, വകുപ്പ് മേധാവി , ഹിന്ദി വിഭാഗം -ഒപ്പ്

11 . ഡോ .വി .കെ. ഭവാനി , വകുപ്പ് മേധാവി , സംസ്കൃതം ന്യായ വിഭാഗം -ഒപ്പ്

12 . ശ്രീ മതി . രജിത അമ്പിളി കെ .സി , സംസ്കൃതം ജനറൽ വിഭാഗം -ഒപ്പ്

13 . ഡോ .സി .എം .മനോജ് കമാർ, പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം -ഒപ്പ്

14 . ഡോ . എം .സത്യൻ, കൺവീനർ, ബി എ റഗുലേഷൻ കമ്മിറ്റി -ഒപ്പ്

ഓൺലൈനായി പങ്കെടുത്തവർ

1. ഡോ .പി .വി .രാമൻകുട്ടി , അക്കാദമിക് & റിസർച്ച് കമ്മിറ്റി അംഗം -ഒപ്പ്

ബഹു: വൈസ് ചാൻസലർ ആമുഖമായി യോഗത്തെ അഭിസംബോധന ചെയ്തു. കാലടി മുഖ്യ കേന്ദ്രത്തിലേയും, വിവിധ പ്രാദേശിക കേന്ദ്രങ്ങളിലേയും ബിരുദ/ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച താഴെ വിവരിച്ച പ്രകാരമുള്ള ഒരു കരട് നയരേഖ യോഗത്തിന്റെ ഗൗരവമായ ചർച്ചകൾം നയരൂപീകരണത്തിനുമായി മുന്നോട്ടുവച്ചു.

പ്രോഗ്രാമുകളുടെ യുക്തിപരമായ പുനർഘടന :

- കാലടി മുഖ്യ കേന്ദ്രം കൂടാതെ ഓരോ പ്രാദേശികകേന്ദ്രവും കൂടി ഉൾപ്പെടുത്തി ഓരോ വകുപ്പിനും വേണ്ട ബിരുദ/ബിരുദാനന്തര ബിരുദപ്രോഗ്രാമുകളുടെ എണ്ണവും അദ്ധ്യാപകരുടെ പുനർ വിന്യാസവും അതതു വകുപ്പുകളിലെ അദ്ധ്യാപകരുടെ എണ്ണം അടിസ്ഥാനമാക്കി പൊതുപദ്ധതി രൂപീകരിക്കുക.

- പ്രഥമമായും പ്രധാനമായും സർവകലാശാല ഒരു സംസ്കൃത സർവകലാശാലയാണ് എന്നതിനാൽ സംസ്കൃത പ്രോഗ്രാമുകൾക്ക് മുൻഗണന നൽകുക. അല്ലെങ്കിൽ സംസ്കൃത പ്രോഗ്രാമുകളെ മേൽ സൂചിപ്പിച്ച പൊതു പദ്ധതിയിൽ നിന്നും ഒഴിവാക്കി എല്ലാ പ്രാദേശിക കേന്ദ്രങ്ങളിലും ഓരോന്ന് വീതമെങ്കിലും സംസ്കൃത പ്രോഗ്രാമുകൾ നിലനിർത്തുക

**Workload –First, Third and Fifth Semesters (BA)**

| I,II,V | Kalady | TVM | PAN | TVR | ETNR | TIR | Koy | PNR | Total | Remarks |
|---|---|---|---|---|---|---|---|---|---|---|
| English | 29 | 12 | 12 | 12 | 09 | 12 | 24 | 12 | 122 | |
| Malayalam | 08 | 08 | 09 | 04 | 09 | 09 | 08 | 08 | 63 | |
| Hindi | 09 | 08 | 08 | 09 | 08 | 08 | 08 | 08 | 66 | |
| Skt. General | 83 | - | - | - | - | - | 57 | - | 140 | |
| Skt. Vedanta | 67 | 52 | 52 | - | - | - | 52 | 52 | 275 | |
| Skt. Vyakarana | 52 | 44 | - | - | - | 50 | - | 49 | 195 | |
| Skt. Nyaya | 57 | 45 | - | - | - | - | - | - | 102 | |
| Skt. Sahitya | 52 | 46 | - | 58 | 40 | 08 | 52 | 50 | 306 | |

**Workload –Second, Fourth and Sixth Semesters (BA)**

| II,IV, VI | Kalady | TVM | PAN | TVR | ETTMNR | TIR | Koy | PNR | Total | Remarks |
|---|---|---|---|---|---|---|---|---|---|---|
| English | 28 | 14 | 08 | 14 | 14 | 14 | 42 | 14 | 148 | |
| Malayalam | 09 | 09 | 04 | 09 | 04 | 09 | 09 | 14 | 67 | |
| Hindi | 09 | 09 | 04 | 09 | 04 | 09 | 09 | 09 | 62 | |
| Skt. General | 78 | - | - | - | - | - | 61 | - | 139 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Skt. Vedanta | 52 | 52 | 52 | - | - | - | 52 | 52 | 260 | |
| Skt. Vyakarana | 52 | 52 | - | - | - | 52 | - | 52 | 208 | |
| Skt. Nyaya | 52 | 52 | - | - | - | - | - | - | 104 | |
| Skt. Sahitya | 52 | 52 | - | 52 | 52 | 52 | 52 | 52 | 364 | |

<u>സർക്കാർ അനുമതിയോടെയുള്ള അദ്ധ്യാപക തസ്തികകളുടെ പുനർവിന്യാസം :</u>

- ഓരോ വകുപ്പിലും പ്രോഗ്രാമുകൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ മിനിമം തസ്തികകൾ ഉറപ്പുവരുത്തുന്നതിനായി അധിക തസ്തികകളുള്ള വകുപ്പുകളിൽ നിന്ന് വിരമിക്കൽ മൂലമോ അല്ലാതേയോ ഒഴിവ് വരുന്ന തസ്തികകൾ തസ്തികക്കുറവുള്ള വകുപ്പുകളിലേക്ക് മാറ്റുക.സർക്കാർ അദ്ധ്യാപക തസ്തികകൾ സർവകലാശാലക്ക് അനുവദിച്ചിരിക്കുന്നത് സമഗ്രമായാണ് എന്നതിനാൽ ഓരോ പഠന വകുപ്പിനും തസ്തികകൾ പ്രത്യേകമായി കണക്കാക്കുന്നത് നീതിയുക്തമല്ല. മാത്രമല്ല സർവകലാശാലയുടെ സർവ്വതോന്മുഖമായ വികസനത്തിനും സമഗ്രമായ ലക്ഷ്യങ്ങൾക്കും ഓരോ പഠന വകുപ്പും ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്.
- സംസ്കൃത വിഭാഗങ്ങളിൽ നിന്ന് സംസ്കൃതേതര വിഭാഗങ്ങളിലേയ്ക്ക് മേൽ സൂചിപ്പിച്ച മാറ്റം അനുവദിക്കേണ്ടതില്ല.

<u>പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് :</u>

- **പ്രാദേശികകേന്ദ്രങ്ങളുടെ വികസനവും സാമ്പത്തിക സ്വയംപര്യാപ്തതയും ഉറപ്പുവരുത്തുന്നതിനായി പ്രാഥമികമായി പ്രാദേശികകേന്ദ്രങ്ങളിൽ self sustainable പ്രോഗ്രാമുകൾ ആരംഭിക്കുക. അടുത്ത അധ്യയന വർഷം തന്നെ രണ്ടു പ്രോഗ്രാമുകളെങ്കിലും അതിലൊന്ന് നിർബന്ധമായും സംസ്കൃത പ്രോഗ്രാം ആയിരിക്കണം എന്ന രീതിയിൽ കഴിവതും ആരംഭിക്കണം. ഓരോ പ്രാദേശിക കേന്ദ്രത്തേയും ഗവേഷണ കേന്ദ്രമായി ഉയർത്തണം.**

<u>പ്രാദേശിക കേന്ദ്രങ്ങളിലെ പ്രോഗാമുകളുടെ യുക്തിപരമായ പുന:സംഘടന /പുനർ വിന്യാസം :</u>

- കാലടി മുഖ്യ കേന്ദ്രത്തിൽ ഓഫർ ചെയ്യുന്ന എല്ലാ പ്രോഗ്രാമുകളും മറ്റു പ്രാദേശിക കേന്ദ്രങ്ങളിലും നടത്തുന്ന നിലവിലെ രീതിയിൽ മാറ്റം വരുത്തി മുഖ്യ കേന്ദ്രത്തിൽ നടത്തപ്പെടുന്ന പ്രോഗ്രാമുകളിൽ പ്രാദേശിക കേന്ദ്രങ്ങളുടെ സാമൂഹിക പശ്ചാത്തലവും അടിസ്ഥാന സൗകര്യങ്ങളും, വികസ സാധ്യതകളും പരിഗണിച്ച് സംസ്കൃത വിഷയങ്ങളിലുള്ള പ്രോഗ്രാമിന് പുറമെ അനുയോജ്യമായ ഒരു സംസ്കൃതേതര പ്രോഗ്രാം മാത്രം നടത്തുക. അത്തരത്തിൽ പ്രോഗ്രാമുകൾ പുനർവിന്യാസം നടത്തുമ്പോൾ എല്ലാ പ്രാദേശിക കേന്ദ്രങ്ങളിലും ചുരുങ്ങിയത് ഒരു സംസ്കൃത പ്രോഗ്രാമെങ്കിലും നിലനിർത്തുകയും അനുയോജ്യമായ ഒരു സംസ്കൃതേതര പ്രോഗ്രാമും ഉൾപ്പെടുത്തി 1 + 1 എന്ന രീതി അവലംബമാക്കുന്ന ഒരു നയം രൂപീകരിക്കുക. അത്തരത്തിൽ ഓരോ കേന്ദ്രങ്ങളേയും സംസ്കൃതത്തിന് പുറമെ ഏതെങ്കിലും പ്രത്യേക വിഷയത്തിന്റെ ഗവേഷണ കേന്ദ്രവും മികവിന്റെ കേന്ദ്രങ്ങളുമാക്കി പരിവർത്തിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക.

മേൽ വിവരിച്ച കരട് നയരേഖ അടിസ്ഥാനമാക്കി താഴെ പറയുന്നവർ ചർച്ചയിൽ ക്രിയാത്മകമായി പങ്കെടുത്ത് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു.

ഡോ: ശ്രീലത കെ

- ഹിന്ദി പഠനവകുപ്പിൽ നിലവിലുള്ള അധ്യാപക തസ്തികകൾ നഷ്ടം വരുന്ന രീതിയിലുള്ള പ്രോഗ്രാം പുനർവിന്യാസത്തോട് വിയോജിപ്പ് രേഖപ്പെടുത്തി. ഹിന്ദി പ്രോഗ്രാമുകൾ ഒന്നിലധികം പ്രാദേശിക കേന്ദ്രങ്ങളിൽ നടത്തപ്പെടുവാനുതകുന്ന രീതിയിൽ 1 + 1 എന്നതിന് പകരം 1 + 2 അല്ലെങ്കിൽ 1 + 3 രീതി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

അഡ്വ: പ്രേംകുമാർ, എംഎൽഎ

- പ്രോഗ്രാമുകൾ പുനർവിന്യാസം നടത്തുന്നതിനു വൈസ് ചാൻസിലർ മുന്നോട്ടുവച്ച നയം അംഗീകരിക്കുക. സംസ്കൃതത്തിന് ഊന്നൽ കൊടുത്ത് നിയമവിധേയമായി പ്രശ്നങ്ങൾ പരിഹരിച്ച് പരിമിതികളെ മറികടക്കാൻ ശ്രമിക്കുക. സർവ്വകലാശാലയെ മൊത്തത്തിൽ ബാധിക്കുന്ന വിഷയങ്ങൾ പരിഹരിച്ച ശേഷം പഠന വകുപ്പുകളെ സംബന്ധിച്ച വിഷമങ്ങൾ പരിഹരിക്കാമെന്നു നിർദ്ദേശിച്ചു. ഓരോ പഠന വകുപ്പുകളുടേയും പ്രാദേശിക കേന്ദ്രങ്ങളുടേയും വികസനം മുന്നിൽ കണ്ട് 20-25 വർഷത്തേക്കുള്ള സമഗ്ര പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഡോ: ഷീബ കെ.എം

- സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മാത്രമുദ്ദേശിച്ച് പ്രാദേശിക കേന്ദ്രങ്ങളിലെ പ്രോഗ്രാമുകൾ പുനർവിന്യസിക്കാനുള്ള ഒരു നയത്തിനു പകരം കൂടുതൽ അക്കാദമികമായ ഒരു ദിശയിൽ ഇതിനെ കാണണം. ഓരോ പ്രാദേശിക കേന്ദ്രങ്ങളിലും സ്പെഷ്യലൈസേഷൻ കോഴ്സുകൾ ആരംഭിക്കുകയും ഗവേഷണത്തിന്റെയും മികവിന്റെയും കേന്ദ്രങ്ങൾ ആക്കി മാറ്റുന്ന തരത്തിലുള്ള ഒരു നയം രൂപീകരിച്ച് ഡിപ്പാർട്ട്മെന്റുകളിൽ ചർച്ച പ്രാവർത്തികമാക്കണം.

ഡോ: സുനിൽ പി ഇളയിടം

- പ്രോഗ്രാമുകൾ പുനഃസംഘടിപ്പിക്കുമ്പോൾ ഓരോ പ്രാദേശികകേന്ദ്രത്തിലും ഏതെല്ലാം പ്രോഗ്രാമുകൾ വേണം എന്നത് അതത് പ്രാദേശികകേന്ദ്രത്തിന്റെ സാമൂഹിക ആവശ്യങ്ങൾ കൂടി പരിഗണിച്ചായിരിക്കണം. അതിന് കഴിഞ്ഞ 25 വർഷം കൊണ്ട് രൂപപ്പെട്ടു വന്ന ചരിത്ര പശ്ചാത്തലം കൂടി പരിഗണിക്കേണ്ടതാണ്.
- ഓരോ പ്രാദേശികകേന്ദ്രത്തേയും ഒരു സവിശേഷ പഠന മേഖലയാക്കി ഉയർത്തണം.അത്തരത്തിൽ ഓരോ പ്രാദേശിക കേന്ദ്രത്തിനും സവിശേഷ സ്വഭാവം നൽകിയിരിക്കണം. അതിനനുസൃതമായി ഇൻസ്റ്റിട്യൂഷനൽ ഡെവലപ്മെന്റ് പ്ലാനുകൾ പുനഃസംഘടിപ്പിക്കണം. ബാലമോഹൻ തമ്പി കമ്മീഷൻ റിപ്പാർട്ടിലെ അത്തരം നിർദ്ദേശങ്ങളും പരിഗണിക്കാവുന്നതാണ്.
- പ്രോഗ്രാമുകൾ വിഭാവനം ചെയ്യുമ്പോൾ അധ്യാപകരുടെ ജോലിഭാരം ക്രമീകരിക്കുന്നതിനും തസ്തികകളുടെ പുനർവിന്യാസം ലളിതമാക്കുന്നതിനും 1 + 1 എന്ന രീതിക്ക് പകരം ഒന്നിലധികം പ്രാദേശികകേന്ദ്രങ്ങളിൽ ഒരേ പ്രോഗ്രാം നടത്തുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. കുറച്ചുകൂടി സൂക്ഷ്മാംശത്തിൽ അടുത്ത ഘട്ടമായി പ്രാദേശികകേന്ദ്രങ്ങളിലെ ലൈബ്രറികൾ കൂടി പുനക്രമീകരിക്കേണ്ടതാണ്.

ഡോ: സത്യൻ എം

- സംസ്കൃത ഭാഷക്കുള്ള ഒരു സവിശേഷ സർവ്വകലാശാല എന്ന നിലയിൽ സംസ്കൃത കോഴ്സുകൾ നിലനിർത്തിക്കൊണ്ടു തന്നെയുള്ള പരിഷ്കരണവും പുനർവിന്യാസവും സ്വീകാര്യമാണ്. എല്ലാ പഠന വകുപ്പുകളിലും കൂടുതൽ പേർ കാലടി കേന്ദ്രത്തിലാണ് ജോലി ചെയ്യുന്നത് എന്നതിനാൽ കോഴ്സുകൾ പുനഃസംഘടിപ്പിക്കുമ്പോൾ അധ്യാപകരെ പുനർവിന്യസിപ്പിക്കുമ്പോൾ ഉണ്ടാകുന്ന പരിമിതികളെ മറികടക്കാൻ കഴിയണം
- പ്രാദേശികേന്ദ്രങ്ങളിൽ സാമ്പ്രദായിക കോഴ്സുകൾക്ക് പുറമേ ആ പ്രദേശത്തിന്റെ വിജ്ഞാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സഹകരിച്ച് എക്സ്റ്റൻഷൻപ്രോഗ്രാമുകൾ offline/online സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണം. തിരൂർ പ്രാദേശിക കേന്ദ്രത്തിലെ പ്രവർത്തനങ്ങളെ ഒരു മാതൃകയായി അദ്ദേഹം ചൂണ്ടിക്കാട്ടി (തിരൂർ പ്രാദേശിക കേന്ദ്രം സമീപ ദേശത്തുള്ള തിരുനാവായ ബ്രഹ്മസ്വം മഠം, മേൽപ്പത്തൂർ സ്മാരകം, വള്ളത്തോൾ സ്മാരകം, കുട്ടികൃഷ്ണ മാരാർ സ്മാരകം, കോട്ടക്കൽ ആര്യവൈദ്യശാല തുടങ്ങിയ വിവിധങ്ങളായ സ്ഥാപനങ്ങളുമായി സഹകരിച്ച് എക്സ്റ്റൻഷൻ പ്രോഗ്രാമുകൾ/ പ്രോജക്ടുകൾ ചെയ്തുവരുന്നുണ്ട് )

പ്രൊ .വൈസ് ചാൻസലർ

- സംസ്കൃതത്തിലെ ശാസ്ത്ര വിഷയങ്ങളിൽ (ന്യായം,വേദാന്തം,.വ്യാകരണം)കേരളത്തിലെ മറ്റു സർവ്വകലാശാലകളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ നടത്തപ്പെടുന്നില്ല. സംസ്കൃത സർവ്വകലാശാലയിൽ ഒഴികെ ഗവേഷണകേന്ദ്രങ്ങളുമില്ല. അതിനാൽ സംസ്കൃത വിഷയങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകണം. അതുകൊണ്ടു ഒന്നിലധികം കേന്ദ്രങ്ങളിൽ ഒരേ സംസ്കൃത പ്രോഗ്രാമുകൾ ആവർത്തിച്ച് വരുന്നു എന്നത് പരിഗണിക്കാതെ പുനർവിന്യാസം സാധ്യമാക്കണം.

ഡോ: യമുന കെ

- സംസ്കൃതത്തിലെ ശാസ്ത്ര വിഷയങ്ങൾ (ന്യായം, വേദാന്തം .വ്യാകരണം) എല്ലാം ഗവേഷണകേന്ദ്രീകൃതമായതുകൊണ്ട് അവ പഠിക്കാൻ കുട്ടികൾ കുറവാണെങ്കിലും അവസരങ്ങൾ ലഭ്യമാക്കണം.
- ഇലക്ടീവ് കോഴ്സുകൾ യുക്തമായ രീതിയിൽ ക്രമീകരിച്ചുകൊണ്ടു തന്നെ പി ജി പ്രോഗ്രാമുകൾക്ക് ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ ആധുനികമായ വൈവിധ്യങ്ങൾ കൊണ്ടുവരാൻ കഴിയണം.

ഡോ: ഭവാനി കെ

- സംസ്കൃതത്തിലെ ശാസ്ത്ര വിഷയങ്ങളുടെ പഠനത്തിന് മൂലഗ്രന്ഥത്തെ ഒഴിവാക്കി ഒന്നും ചെയ്യാൻ സാധ്യമല്ല. ശാസ്ത്ര സംബന്ധിയായ സംസ്കൃത വിഷയങ്ങൾ മറ്റു ഭാഷാവിഷയങ്ങളെ പോലെ നോക്കിക്കാണാൻ കഴിയില്ല. അതിനാൽ കോഴ്സുകളുടെ ആവർത്തനം വ ുരുന്നുണ്ടെങ്കിലും വിവിധ സെന്ററുകളിൽ ഒരേ കോഴ്സുകൾ പഠിപ്പിക്കുന്നത് പരിഗണിക്കണം.

ഡോ: സാജു ടി എസ്.

- ഓരോ പ്രദേശത്തിന്റെയും സാമൂഹിക പശ്ചാത്തലം, പശ്ചാത്തല സൗകര്യങ്ങൾ മുതലായവ പരിഗണിച്ച് പ്രോഗ്രാമുകൾ പുനർ വിന്യസിക്കുക. ആവശ്യമുള്ള കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണെങ്കിൽ അവ വർധിപ്പിച്ച് പ്രദേശിക കേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം. എല്ലാ സംസ്കൃതേതര വിഷയങ്ങളും ശക്തപ്പെടുത്തുന്നതിനാവശ്യമായ നയങ്ങളും കാഴ്ചപ്പാടും രൂപീകരിക്കണം. ഭാഷാ- മാനവീക- സാമൂഹ്യ ശാസ്ത്ര വിഷയങ്ങളുടെ സർവകലാശാല എന്ന നിലയിലുള്ള സവിശേഷ വികസനമാണ് ആസൂത്രണം ചെയ്യേണ്ടത്.

ഡോ: മിനി ടി.

- വൈസ് ചാൻസലർ മുന്നോട്ട് വച്ച നയരേഖ തത്വത്തിൽ അംഗീകരിക്കുന്നു. ബാലമോഹൻ തമ്പി റിപ്പോർട്ട് ഒന്നുകൂടി പുനഃപരിശോധിക്കപ്പെടണം. പ്രാദേശിക കേന്ദ്രങ്ങളിലുണ്ടായ പശ്ചാത്തല സൗകര്യ വികസനം കൂടി കണക്കിലെടുത്തുവേണം പ്രോഗ്രാമുകളുടെ പുനഃസംഘടന.

ഡോ: രജിത അമ്പിളി കെ.സി

- കൊയിലാണ്ടി പ്രാദേശിക കേന്ദ്രം സംസ്കൃതം ജനറൽ വിഷയത്തിന്റെ ഒരു ഗവേഷണ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം .

ഡോ: പി വി രാമൻകുട്ടി

- സർവ്വകലാശാലയുടെ പ്രതിസന്ധി മറികടക്കുന്നതിനും പ്രോഗ്രാമുകളുടെ പുനർ വിന്യാസത്തിനും വൈസ് ചാൻസലർ മുന്നോട്ട് വച്ച് നയരേഖ അംഗീകരിക്കുന്നതായി അറിയിച്ചു. സംസ്കൃത വിഷയങ്ങൾക്ക് മുൻഗണന നൽകുകയും പ്രാദേശിക കേന്ദ്രങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു നയം സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

തീരുമാനങ്ങൾ:-

1.സമഗ്രമായ അക്കാദമിക ഗവേഷണ പുനഃ സംഘാടനത്തിനായി അടുത്ത രണ്ടു പതിറ്റാണ്ടുകൾ ബാധകമാക്കും വിധം ഒരു നയസമീപനരേഖ രൂപീകരിക്കുവാൻ തീരുമാനിച്ചു. ഈ നയരേഖ ബാലമോഹൻ തമ്പി റിപ്പാർട്ടിലെ പ്രധാനപ്പെട്ട കാഴ്ചപ്പാടുകളും, നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടുള്ളതും ഇന്നത്തെ സാഹചര്യങ്ങൾക്കനുസൃതമായതും സാമൂഹികവും സാംസ്കാരികവും ആയി പ്രസക്തിയുള്ളതും ആയിരിക്കണം എന്ന് തീരുമാനിച്ചു.

2.മേൽ പറഞ്ഞ നയ രൂപീകരണത്തിന്റെ ഭാഗമായി അടിയന്തിരമായ നയനടപടി എന്ന നിലക്ക് കാലടി മുഖ്യ കേന്ദ്രത്തിലെയും പ്രാദേശിക കേന്ദ്രങ്ങളിലെയും പ്രോഗ്രാമുകൾ പുനഃസംഘടിപ്പിക്കുന്നതും, അധ്യാപക തസ്തികകൾ പുനർ വിന്യസിക്കുന്നതും സംബന്ധിച്ച ബഹു; വൈസ് ചാൻസലർ മുന്നോട്ടു വച്ച കരട് നയം (അതായത് കാലടി മുഖ്യ കേന്ദ്രത്തിൽ നടത്തുന്ന പ്രോഗ്രാമുകളിൽ ഓരോന്ന് വീതം ഏറ്റവും യുക്തമായതും

അനുയോജ്യവുമായ ഒരു പ്രാദേശിക കേന്ദ്രത്തിൽ മാത്രം നടത്തപ്പെടുന്ന 1 + 1 എന്ന രീതി) തത്വത്തിൽ അംഗീകരിക്കാൻ തീരുമാനിച്ചു. സംസ്കൃത വിഷയങ്ങളിൽ ഈ പൊതു പദ്ധതി ബാധകമാക്കേണ്ടതില്ലയെന്നും,, എല്ലാ പ്രാദേശിക കേന്ദ്രങ്ങളിലും ഒരു സംസ്കൃത പ്രോഗ്രാം വേണമെന്നും തീരുമാനിച്ചു.

3.മേൽ പറഞ്ഞ പ്രകാരമുള്ള കരട് നയം അക്കാദമിക് പുനഃസംഘടന സമീപനരേഖ എന്ന പേരിൽ തയ്യാറാക്കുന്നതിന് താഴെപറയുന്നവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചു. എല്ലാ പ്രാദേശിക കേന്ദ്രങ്ങളേയും ഗവേഷണമുൾപ്പടെയുള്ള മികവിന്റെ കേന്ദ്രങ്ങളായി വിഭാവനം ചെയ്യണം. സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കാൻ അസിസ്റ്റന്റ് രജിസ്ട്രാറുടെ (അക്കാദമിക്) സേവനം ഉപയോഗപ്പെടുത്തുന്നതുന്നതിനും തീരുമാനിച്ചു.

അക്കാദമിക് പുനഃസംഘടന സമീപനരേഖ സമിതി അംഗങ്ങൾ

1.ഡോ: സുനിൽ പി ഇളയിടം
2.ഡോ: സാജു ടി . എസ്.
3.ഡോ: ഷീബ കെ എം
4.ഡോ: മിനി ടി
5.ഡോ: യമുന കെ

മേൽ സമിതിയുടെ മേൽനോട്ട ചുമതല പ്രോ വൈസ്ചാൻസലർക്കായിരിക്കും.

4.അക്കാദമിക് റീസ്ട്രക്ച്ചറിങ് കമ്മറ്റിയുടെ അടുത്ത യോഗം 2022 ഒക്ടോബർ 20 ന് കൂടുവാൻ തീരുമാനിച്ചു. സമീപന രേഖയുടെ കരട് തയ്യാറാക്കി പ്രസ്തുത കമ്മറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിന് അക്കാദമിക് പുനഃസംഘടന സമീപനരേഖസമിതിയോട് നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചു.

5.അക്കാദമിക് റീസ്ട്രക്ച്ചറിങ് കമ്മറ്റിയുടെ ഈ യോഗ തീരുമാനങ്ങളും, കൈക്കൊണ്ട നടപടികളും അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

വൈസ് ചാൻസലർ.